LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം വീടുകൾ പുതുക്കുന്ന നടപടി

*16 [271] ശ്രീ. ഡി. സുഗതൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ലക്ഷംവീട് കോളനികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കംകൊണ്ട് നാശം സംഭവിച്ച ലക്ഷംവീടുകൾ പുതുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) സംസ്ഥാനത്തുള്ള ലക്ഷംവീട് കോളനികളുടെ ഇപ്പോഴത്തെ അവസ്ഥ മെച്ചപ്പെട്ടതല്ല.

(ബി) ലക്ഷംവീടുകൾ പുനരുദ്ധരിക്കുന്നതിനോ അറ്റകുറ്റപ്പണി ചെയ്യുന്നതിനോ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഗ്രാമപ്പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവാദം നൽകിയിട്ടുണ്ട്. അതു പ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾക്കും അറ്റകുറ്റപ്പണിക്കും പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 5000 രൂപവരെയും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് 10,000 രൂപ വരെയും പരമാവധി സബ്സിഡി നൽകാവുന്നതാണ്. വീടുകളുടെ മേൽക്കൂര ബലപ്പെടുത്തൽ ഉൾപ്പെടെയുള്ള ഗുണമേന്മാ പ്രവൃത്തികൾക്ക് പൊതുവിഭാഗക്കാർക്കും പട്ടികജാതിക്കാർക്കും 7,500 രൂപയും പട്ടിക വർഗ്ഗക്കാർക്ക് 9,000 രൂപവരെയും സബ്സിഡി നൽകാവുന്നതാണ്.

നിലവിലുള്ള വീടുകൾ അറ്റകുറ്റപ്പണി ചെയ്യാൻ കഴിയില്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുൻഗണനാലിസ്റ്റ് പ്രകാരം കുടുംബത്തിന് അർഹതയുണ്ടെങ്കിൽ പുതിയ വീട് നൽകാവുന്നതാണ്.

ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ

*17 [272] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്;

(ബി) ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ പറയുന്ന വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് കാലാകാലങ്ങളിൽ നിവേദനങ്ങൾ നൽകിയിട്ടുണ്ട്:

1. പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ആഫീസ് കോഴിക്കോട് തുറക്കുന്നത് സംബന്ധിച്ച്.

2. ഇറാഖിലേക്കുള്ള അനധികൃത റിക്രൂട്ട്മെന്റ് തടയുന്നത് സംബന്ധിച്ച്.

3. സൗദി അറേബ്യയിൽ മരണമടയുന്ന പ്രവാസികളായ ഇൻഡ്യാക്കാരുടെ, പ്രത്യേകിച്ച് കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച്.

4. കേരളത്തിൽ നിന്ന് ഗൾഫിലേക്കുള്ള അമിത വിമാന യാത്രക്കൂലി കുറയ്ക്കുന്നതിനും ഗൾഫിലേയ്ക്ക് ചെലവ് കുറഞ്ഞ ബജറ്റ് എയർലൈൻസ് ആരംഭിക്കുന്നതും സംബന്ധിച്ച്.

5. പ്രവാസി ഭാരതീയർക്ക് വോട്ടവകാശം നൽകുന്നത് സംബന്ധിച്ച്.

6. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽതേടി പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര മനുഷ്യ വിഭവശേഷി വികസന മന്ത്രാലയത്തിന്റെയും വിദേശകാര്യ മന്ത്രാലയത്തിന്റെയും ഒരു ഏകജാലക സംവിധാനം ആരംഭിക്കണമെന്നത് സംബന്ധിച്ച്.

7. ഗൾഫ് കോ-ഓർഡിനേഷൻ രാജ്യങ്ങളുടെ കോൺസുലേറ്റുകൾ കേരളത്തിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

8. വിദേശ രാജ്യങ്ങളിൽ ജോലിക്ക് നേരിട്ടുപോകുന്ന തൊഴിലാളികൾ സിംഗിൾ എക്കണോമി ക്ലാസ് ഫെയറിന് തുല്യമായ തുക അടച്ചിരിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നത് സംബന്ധിച്ച്.

9. സൗദി അറേബ്യയിലെ ദമാമിലുള്ള എക്സ്റ്റൻഷൻ കൗണ്ടർ കോൺസുലേറ്റായി മാറ്റുന്നത് സംബന്ധിച്ച്.

10. കുവൈറ്റ് യുദ്ധാനന്തര നഷ്ട പരിഹാര തുകയ്ക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി നീട്ടി കിട്ടുന്നതിലേക്കായി യു.എൻ.സി.സി.-യിൽ സമ്മർദ്ദം ചെലുത്തുന്നതിനെ സംബന്ധിച്ച്.

LIBRARY ARCHIVES Kerala Legislative Assembly

11. ഉത്സവകാലങ്ങളിലും അവധി കാലങ്ങളിലും കൂടുതലായി ഈടാക്കുന്ന വിമാന യാത്രക്കൂലി സംബന്ധിച്ച്.

12. വിമാനയാത്രക്കാരുടെ ലഗേജ് കൈകാര്യം ചെയ്യുന്നതിൽ വരുത്തുന്ന അലംഭാവം സംബന്ധിച്ച്.

13. വിമാനയാത്രയ്ക്ക് ഇപ്പോൾ നൽകിവരുന്ന ഫ്രീ ബാഗേജായ 25 കിലോ 50 കിലോയാക്കി ഉയർത്തുന്നത് സംബന്ധിച്ച്.

14. കേരളത്തിലെ മുന്ന് എയർപോർട്ടുകളിലേക്കും കൂടുതൽ വിമാന യാത്രാസൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.

15. കസ്റ്റംസ് ജീവനക്കാരിൽ നിന്നുണ്ടാകുന്ന മോശമായ പെരുമാറ്റം സംബന്ധിച്ച്.

16. സുൽത്താനേറ്റ് ഓഫ് ഒമാന്റെ കോൺസുലേറ്റ് കേരളത്തിൽ ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

17. എമിഗ്രേഷൻ ആക്ട് പ്രകാരം അടുത്തകാലത്തായി ഏർപ്പെടുത്തിയ നിബന്ധനകളെ സംബന്ധിച്ച്.

18. ഗൾഫ് രാജ്യങ്ങളിലെ ഇൻഡ്യൻ നയതന്ത്ര കാര്യാലയങ്ങളിൽ മലയാളം അറിയുന്ന ഉന്നത ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച്.

19. എംബസ്സികളിൽ ഈടാക്കുന്ന അമിതമായ സർവ്വീസ് ചാർജ്ജ് കുറയ്ക്കുന്നത് സംബന്ധിച്ച്.

20. എംബസ്സികളിൽ ലീഗൽ അറ്റാഷേമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

21. താഴ്ന്ന വരുമാനക്കാരായ ഇൻഡ്യൻ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്.

22. പുതുക്കിയ പാസ്പോർട്ട് ഫീസ് കുറയ്ക്കുന്നത് സംബന്ധിച്ച്.

(ബി) സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനങ്ങളിൽ താഴെ പറയുന്ന ചില വിഷയങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

1. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര മനുഷ്യ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്ത് ആരംഭിക്കുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

2. തിരുവനന്തപുരത്തും കൊച്ചിയിലും എമിഗ്രേഷൻ ആഫീസുകൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ മൂന്നാമതൊരു ആഫീസ് കോഴിക്കോട് തുറക്കുന്നതിനുള്ള സാഹചര്യം ഇപ്പോഴില്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഈ വിഷയം വീണ്ടും കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

3. പ്രവാസി ഭാരതീയർക്ക് വോട്ടവകാശം നൽകുന്നത് സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണെന്ന് അറിയിച്ചിട്ടുണ്ട്.

4. ഒഴിവാക്കാൻ കഴിയാത്ത കാരണങ്ങളാൽ പുതുക്കിയ പാസ്പോർട്ട് ഫീസ് കുറയ്ക്കുവാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്.

5. സാങ്കേതിക കാരണങ്ങളാൽ സുൽത്താനേറ്റ് ഓഫ് ഒമാന്റെ കോൺസുലേറ്റ് കേരളത്തിൽ തുടങ്ങുന്നതിന് സാധ്യമല്ല എന്ന വിവരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

6. സംസ്ഥാന സർക്കാർ സമർപ്പിച്ച നിരവധി നിവേദനങ്ങളുടെ ഫലമായി 2004 ഏപ്രിൽ മുന്നാം വാരത്തിൽ വിമാന യാത്രക്കൂലിയിൽ കേന്ദ്ര സർക്കാർ ചെറിയൊരിളവ് വരുത്തിയിട്ടുണ്ട്. ഈ വിഷയം വീണ്ടും കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

7. സിംഗിൾ എക്കണോമി ക്ലാസ് ഫുൾ ഫെയർ അടയ്ക്കണമെന്ന വ്യവസ്ഥ പുതുതായി ഏർപ്പെടുത്തിയതല്ലായെന്നും നിർബന്ധിത ഇൻഷ്വറൻസ് പദ്ധതിയായ പ്രവാസി ഭാരതീയ ബീമാ യോജന നടപ്പിലാക്കിയ സാഹചര്യത്തിൽ മടക്ക യാത്രയ്ക്കുള്ള വിമാന യാത്രാക്കൂലി കെട്ടിവയ്ക്കണമെന്ന വ്യവസ്ഥ ഒഴിവാക്കിയതായും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

8. കുവൈറ്റ് യുദ്ധാനന്തര നഷ്ട പരിഹാര തുകയ്ക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി നീട്ടിക്കിട്ടുന്നതിലേയ്ക്കായി യു.എൻ.സി.സി.-യിൽ സമ്മർദ്ദം ചെലുത്തുന്നതിന് ന്യൂഡൽഹിയിലെ സ്പെഷ്യൽ കുവൈറ്റ് സെൽ യഥാസമയം അപേക്ഷ സമർപ്പിക്കാത്ത കേരളീയരുടെ ലിസ്റ്റ് ആവശ്യപ്പെടുകയും ആയത് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലംമാറ്റ മാനദണ്ഡം

*18 [273] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ സ്കൂൾ അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെല്ലാമാണ്;

(ബി) നിലവിലുള്ള നിയമപ്രകാരം എത്ര ശതമാനം ഒഴിവുകളാണ് അന്തർ ജില്ലാ സ്ഥലംമാറ്റ നിയമപ്രകാരം നികത്തുന്നത്;

LIBRARY ARCHIVES Kerala Legislative Assembly